**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 393** **14-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഇൻഫർമേഷൻ ബ്യൂറോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി നവമാധ്യമ സാധ്യതകൾ പ്രയോജനപ്പെടുത്തി റവന്യൂ ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനം 2023 ഫെബ്രുവരി 24-ന് ആരംഭിച്ചു. റവന്യൂ വകുപ്പിന്റെ പ്രചരണ വിഭാഗമായാണ് ടി ബ്യൂറോ പ്രവർത്തിക്കുന്നത്. റവന്യൂ വകുപ്പിന്റെ പൊതുജന സേവനങ്ങളും പ്രവർത്തനങ്ങളും നടപടി ക്രമങ്ങളും വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും ഒക്കെ തന്നെ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും യഥേഷ്ടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തിച്ചു വരുന്നു. മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങൾ ഒട്ടാകെ ഡിജിറ്റൽ മാർഗ്ഗേന നടന്നു വരുന്ന അവസരത്തിൽ റവന്യൂ വകുപ്പിനെ ഒന്നാകെ തന്നെ ഡിജിറ്റൈസ് ചെയ്ത് സേവനങ്ങൾ ഏതൊരാൾക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന പരിഷ്കാരങ്ങളുടെ വേളയിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും നിയമഭേദഗതികളും മറ്റ് ചട്ടങ്ങളും എല്ലാവിധ സേവനങ്ങളും സാധാരണക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ യൂട്യൂബ് ചാനൽ, ഫേസ് ബുക്ക് പേജ്, ടിറ്റർ, ഇൻസ്റ്റാഗ്രാം പേജ് എന്നീ നവ മാധ്യമങ്ങൾ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ മുഖേന പ്രദർശിപ്പിച്ചു വരുന്നു. ബ്യൂറോയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി റവന്യൂ വകുപ്പിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ, വിവിധ പദ്ധതികൾ, ഉത്തരവുകൾ, ഉദ്യോഗസ്ഥരുടെ സർഗാത്മകത വളർത്തുന്നതിനുള്ള സൃഷ്ടികൾ എന്നിവ ഉൾപ്പെടുത്തി ഭൂമിക എന്ന പേരിൽ ഒരു പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നുണ്ട്. റവന്യൂ വകുപ്പിലെ ഇ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യാൻ പര്യാപ്തമാക്കും വിധം റവന്യു ഇ-സാക്ഷരത, റവന്യു ഇൻഫർമേഷൻ ബ്യൂറോ വഴി നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും റവന്യു സംബന്ധിച്ച സംശയനിവാരണത്തിനായി 1800 425 52 55 ടോൾ ഫ്രീ നമ്പറായി കോൾ സെന്ററിന്റെ പ്രവർത്തനം ബ്യൂറോയുടെ ഭാഗമായി ആരംഭിച്ചു. പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ, പരാതികൾ, നിർദ്ദേശങ്ങൾ മുതലായവ ഈ കോൾ സെന്ററിൽ വിളിച്ച് അറിയിക്കാവുന്നതാണ്. |
| (ബി) | ഭൂമി സംബന്ധമായ ഉത്തരവുകളും നിയമ ഭേദഗതികളും വളരെ വേഗത്തിൽ പൊതുജനങ്ങളുടെ അറിവിലേക്കെത്തിക്കുന്നതിന് പ്രസ്തുത ബ്യൂറോ സഹായകരമാകുമോ; വിശദമാക്കുമോ; | (ബി) | റവന്യു സംബന്ധമായ എല്ലാ വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നതിനാൽ ഭൂമി സംബന്ധമായ ഉത്തരവുകളും നിയമഭേദഗതികളും വളരെ വേഗത്തിൽ പൊതുജനങ്ങളുടെ അറിവിലേക്കെത്തിക്കുന്നതിന് റവന്യൂ ഇൻഫർമേഷൻ ബ്യൂറോ സഹായകരമാകുന്നതുമാണ്. |
| (സി) | റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ആർ.ഐ.ബി.-യുടെ പ്രവർത്തനം സഹായകരമാകുമെന്ന് കണക്കാക്കപ്പെടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | റവന്യു വകുപ്പിന്റെ സേവനങ്ങൾ ലളിതമായ രീതിയിൽ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ മുഖേന പ്രചരിപ്പിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് വകുപ്പിലെ വിഷയങ്ങൾ സംബന്ധിച്ച് അറിവ് ലഭിക്കുന്നതാണ്. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുമെന്നും അതിന് റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം സഹായകരമാകുമെന്നും കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ